# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2021 ഏപ്രിൽ 17

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

2021 മാർച്ച് 26ന് നടത്താനിരുന്നതും മാറ്റിവച്ചതുമായ മൂന്നാം സെമസ്റ്റർ ബി.എച്ച്.എം. (2019 അഡ്മിഷൻ റഗുലർ/2013-2018 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ ഏപ്രിൽ 21ന് നടക്കും. പരീക്ഷാകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/450/2021)

## പരീക്ഷ തീയതി

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ എട്ടാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2016 അഡ്മിഷൻ റഗുലർ/2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ 30 മുതൽ ആരംഭിക്കും.

(പി.ആർ.ഒ/39/451/2021)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാലയിൽ 2021-21 അധ്യയനവർഷം എം.ടെക് ഇൻ എനർജി സയൻസ് പ്രോഗ്രാമിൽ ഓപ്പൺ ക്വാട്ടയിൽ മൂന്നും, എം.ടെക് ഇൻ നാനോസയൻസ് ആന്റ് നാനോ ടെക് നോളജി പ്രോഗ്രാമിലേക്ക് ഓപ്പൺ ക്വാട്ടയിൽ അഞ്ചും സീറ്റൊഴിവുണ്ട്. യോഗ്യരായവർ സാക്ഷ്യപത്രങ്ങളുമായി ഏപ്രിൽ 21ന് രാവിലെ 11ന് സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ പ്രവർത്തിക്കുന്ന എ.ഡി. എ11 സെക്ഷനിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731001.

(പി.ആർ.ഒ/39/452/2021)

## പരീക്ഷാഫലം

2021 ജനുവരിയിൽ സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസിൽ നടന്ന പി.എച്ച്.ഡി. കോഴ് സ് വർക്ക് (2019 അഡ്മിഷൻ - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/453/2021)

2019 ഒക്ടോബറിൽ നടന്ന എം.എ. ഇക്കണോമിക്സ് (പ്രൈവറ്റ് - റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. 2015 അഡ്മിഷൻ മുതലുള്ള വിദ്യാർഥികൾ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് മൂന്നുവരെ ഓൺലൈനായി അപേക്ഷിക്കണം. 2015 അഡ്മിഷന് മുമ്പുള്ളവർ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് മൂന്നിന് മുമ്പായി പരീക്ഷാകൺട്രോളറുടെ കാര്യാലയത്തിൽ നേരിട്ട് അപേക്ഷിക്കണം.

(പി.ആർ.ഒ/39/454/2021)

## വെബിനാർ

മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസ്, കാനഡയിലെ സെന്റ് മേരീസ് സർവകലാശാല എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ ഹ്യൂമൻ ഡെവലപ്മെന്റ് റിപ്പോർട്ട് 2020 - നെപ്പറ്റി വെബിനാർ സംഘടിപ്പിക്കുന്നു. ഏപ്രിൽ 19 ന നടക്കുന്ന പരിപാടിയിൽ മനുഷ്യ വികസനവും - നരവംശാധിപത്യ കാലവും എന്ന വിഷയത്തെ അധികരിച്ചുള്ള പ്രബന്ധങ്ങളുടെ അവതരണം ചർച്ച എന്നിവ നടക്കും. സ്കൂൾ ഓഫ് സോഷ്യൽ സയൻസ് ഡയറക്ടർ ഡോ. അഭിലാഷ് ബാബു വിഷയവതരണം നടത്തും. എം ജി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) സാബു തോമസ് മോഡറേറ്റർ ആകും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ. ഇമെയിൽ: abhilashbabu3700@mgu.ac.in.

(പി.ആർ.ഒ/39/455/2021)

## പ്രഭാഷണ പരമ്പര

ചരിത്രകാരന്മാർ കാലഗണനയെ സംബന്ധിച്ച് പുലർത്തുന്ന ധാരണകൾ പലപ്പോഴും അബദ്ധജടിലവും അയഥാർത്ഥവുമാണെന്ന ചരിത്രകാരനും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൌൺസിൽ ചെയർമാനുമായ രാജൻ ഗുരുക്കൾ അഭിപ്രായപ്പെട്ടു. മഹാത്മാ ഗാന്ധി സർവകലാശാലയുടെ അന്തർസർവകലാശാല സാമൂഹിക ശാസ്ത്രഗവേഷണ കേന്ദ്രം സംഘടിപ്പിച്ച 'സ്കോളേഴ്സ് ഓഫ് എമിനന്സ്' പ്രഭാഷണ പരമ്പരയിൽ ഉദ്ഘാടന പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

കൊളോണിയൽ കാലഘട്ടത്തിൽ എഴുതപ്പെട്ട ചരിത്രരചനാ രീതികളെ പിൻപറ്റിയ ഇന്ത്യൻ ചരിത്രകാരന്മാർ ദേശീയതയെ പലതരത്തിലും ചരിത്രവൽക്കരിക്കാൻ ശ്രമിച്ചിട്ടുണ്ട്. ദേശം പോലും ഇന്നുള്ള സങ്കൽപ്പത്തിൽ ഇല്ലാതിരുന്ന കാലത്തേക്കും ഇത്തരം ആശയങ്ങളെ ചരിത്രവൽക്കരിക്കുന്നതു ചരിത്രനിർമാണത്തോടു ചെയ്യുന്ന അനീതിയാണ്. വിമർശനാവബോധത്തോടെയും രീതിശാസ്ത്ര സങ്കൽപ്പങ്ങളെ നിരന്തരം ചോദ്യം ചെയ്തും മാത്രമേ ചരിത്രം നിർമിക്കാൻ പാടുള്ളൂ. ചരിത്രരചനകളിൽ ദേശീയത നിരന്തരം ഉൾച്ചേർക്കുന്ന ചരിത്രകാരന്മാർ പലപ്പോഴും വ്യവസ്ഥിതിയുടെ സമ്മർദ്ദം കൊണ്ടോ ഭയം കൊണ്ടോ ആകാം അത്തരം പ്രവർത്തികളിൽ ആകൃഷ്ടരാകുന്നത്, ഗുരുക്കൾ പറഞ്ഞു.

പരമ്പര സർവകലാശാല വൈസ് ചാൻസലർ സാബു തോമസ് ഉദ്ഘാടനം ചെയ്തു. കേന്ദ്രം ഡയറക്ടർ കെ. എം. സീതി അധ്യക്ഷനായിരുന്നു. രണ്ടാഴ്ച നീണ്ടുനിൽക്കുന്ന പ്രഭാഷണ പരമ്പര പ്രൊഫ. പി. സനൽ മോഹന്റെ ബഹുമാനാർത്ഥമാണ് സംഘടിപ്പിച്ചിരിക്കുന്നത്.

(പി.ആർ.ഒ/39/456/2021)

**നജീബ് എം.**

പബ്ലിക്റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)